''ഭരണഭാഷ - മാതൃഭാഷ''

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ജി1/6661/16

ചാക്ക, തിരുവനന്തപുരം
തീയതി: 17.12.2016

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- പരീക്ഷാ വിഭാഗം- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2016- August 2014 Admission- 4$^{th}$ Sem, August 2015 Admission- 2$^{nd}$ Sem ട്രെയിനികളുടെ റഗുലർ പരീക്ഷയിലെ റിസൾട്ട് സംബന്ധിച്ച അനോമലികൾ പരിഹരിക്കുന്നത്- നിർദ്ദേശങ്ങൾ -സംബന്ധിച്ച്.

----------

2014 ആഗസ്റ്റിൽ അഡ്മിഷൻ നേടിയ ട്രെയിനികളുടെ 4-ാം സെമസ്റ്ററിലേയും 2015 ആഗസ്റ്റിൽ അഡ്മിഷൻ നേടിയ ട്രെയിനികളുടെ 2-ാം സെമസ്റ്ററിലേയും റഗുലർ പരീക്ഷയിലെ റിസൾട്ട് സംബന്ധിച്ച അനോമലികൾ പരിഹരിക്കുന്നതിനുള്ള അവസരം ലഭിച്ചിരിക്കുകയാണ്. 16/12/16 ന് ഡി.ജി.റ്റിയിൽ നിന്നും മെയിലിൽ ലഭിച്ച മാർക്ക് അപ്ലോഡ്/ഹാൾടിക്കറ്റ് ജനറേഷൻ/റിസൾട്ട് എന്നിവ സംബന്ധിച്ച റിപ്പോർട്ട് പരിശോധിച്ച് 20/12/16 നു മുമ്പുതന്നെ കൺഫർമേഷൻ നൽകേണ്ടതാണ് എന്ന് അറിയിച്ചിരിക്കുന്നു. ടി കൺഫർമേഷൻ ലഭിച്ച് റിസൾട്ട് വീണ്ടും പ്രോസസ് ചെയ്തതിനുശേഷമേ അന്തിമമായി ഫലം പ്രഖ്യാപിക്കുകയുള്ളൂ. ടി അവസരം താങ്കൾ പ്രയോജനപ്പെടുത്തേണ്ടതും റിസൾട്ടിലെ അനോമലികൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയം സംബന്ധിച്ച് ചുവടെ കാണിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) റിപ്പോർട്ടിലെ വിശദാംശങ്ങളിൽ പ്രധാനപ്പെട്ടവയായ ട്രെയിനികളുടെ എണ്ണം (റഗുലർ & പ്രൈവറ്റ്), സെഷണൽമാർക്ക് എൻട്രി നടത്തിയവരുടെ എണ്ണം (Q1,Q2) ഹാജർനില എൻട്രി നടത്തിയവരുടെ എണ്ണം (Q1,Q2), എക്സാം ഫീസ് എൻട്രി നടത്തിയവരുടെ എണ്ണം എന്നിവ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
2) ജനറേഷൻ നടത്തിയ ഹാൾടിക്കറ്റുകളുടെ എണ്ണം, ലഭ്യമായ പ്രാക്ടിക്കൽ/ എൻജിനിയറിംഗ് ഡ്രായിംഗ് മാർക്കുകൾ, ലഭ്യമായ ഒ.എം.ആർ മാർക്ക് (എണ്ണം) റിസൾട്ട് പ്രഖ്യാപിച്ച/വിജയിച്ച എണ്ണം ഇവ പരീക്ഷ എഴുതിയ ട്രെയിനികളുടെ എണ്ണവുമായി (ഹാജർനില പരിശോധിച്ച്) വ്യതിയാനം കാണുകയാണെങ്കിൽ കൂടുതൽ വിശദാംശങ്ങൾ എം.ഐ.എസ് വെബ്പോർട്ടലിലെ ഐ.ടി.ഐ റിപ്പോർട്ടുകൾ പരിശോധിച്ച് താരതമ്യം ചെയ്യാവുന്നതാണ്. ഇതിൽ എന്തെങ്കിലും ഭേദഗതി വരുത്തി തെറ്റുതിരുത്താൻ കഴിയുകയാണെങ്കിൽ അവ തിരുത്തുന്നതിനുള്ള അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്.

3) ഹാൾടിക്കറ്റ് ജനറേഷൻ സ്റ്റാറ്റസിൽ ആണ് പിശക് ഉള്ളതെങ്കിൽ ഡയറക്ടറേറ്റിൽ അറിയിച്ച് പരിഹരിക്കേണ്ടതാണ്. ഹാൾടിക്കറ്റ് ജനറേഷൻ സംബന്ധിച്ച അനോമലികൾ, പ്രാക്ടിക്കൽ/എൻജിനിയറിംഗ് ഡ്രായിംഗ് മാർക്കുകൾ, ഒ.എം.ആർ മാർക്ക് എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ ഹാജർനില പരിശോധിച്ച് ഉറപ്പുവരുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം tradetestmis@gmail.com എന്ന mail id യിൽ, telephone no. ഉൾപ്പെടുത്തി 19.12.2016, 5 pm നു മുമ്പായി mail ചെയ്യേണ്ടതാണ്.

20/12/2016 ന് അന്തിമറിപ്പോർട്ട് ഡി.ജി.റ്റി.യിൽ നൽകേണ്ടതിനാൽ യാതൊരുകാരണവശാലും വൈകി കിട്ടുന്ന പരാതികൾ പരിഗണിക്കുന്നതല്ല എന്ന വിവരം അറിയിക്കുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം :- ഡി.ജി.റ്റി.യിൽ നിന്ന് ലഭിച്ച റിപ്പോർട്ട്

പകർപ്പ്
ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്

എസ്സ്/17.12